പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5751 | 09.07.2012-ൽ മറുപടിയ്ക്ക്

## "ദിവസവേതനത്തിൽ നിയമിച്ച അദ്ധ്യാപകരുടെ ശമ്പളം"

| ചോദ്യം<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
|---|---|
| (എ) ചെങ്ങന്നൂർ മാന്നാർ നായർ സമാജം സ്കൂളിൽ 2010-11, 2011-12 അദ്ധ്യയന വർഷങ്ങളിൽ അധികമായി വന്ന ഡിവിഷനുകളിലും പ്രൊമോഷൻ വേക്കൻസികളിലും നിയമിച്ച അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കാത്തത് എന്ത് കാരണത്താലാണ് എന്ന് വ്യക്തമാക്കുമോ; | (എ) ചെങ്ങന്നൂർ മാന്നാർ നായർ സമാജം സ്കൂളിൽ 2010-11, 2011-12 അദ്ധ്യയന വർഷങ്ങളിൽ അധിക ഡിവിഷനുകളിൽ നിയമിച്ച അദ്ധ്യാപകരുടെ നിയമനം 01.10.2011-ലെ സ.ഉ (പി) നം.199/2011/പൊ.വി പ്രകാരം 01.06.2011 മുതൽ അംഗീകരിച്ച് നൽകിയിട്ടുണ്ട്. |
| (ബി) നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം നിയമനം അംഗീകരിക്കുന്നതിന് നിയമതടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ; | (ബി) 01.10.2011-ലെ സ.ഉ (പി) നം.199/2011/പൊ.വി പ്രകാരം 2011-12 വർഷത്തിൽ അഡീഷണൽ ഡിവിഷൻ ഒഴിവുകളിൽ ഉണ്ടാകുന്ന നിയമനങ്ങൾ ദിവസവേതന അടിസ്ഥാനത്തിൽ ആയിരിക്കണമെന്നും റഗ്ലലർ നിയമനങ്ങൾ 2013-14 അദ്ധ്യയന വർഷം മുതൽ പരിഗണിച്ചാൽ മതിയെന്നും വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) ഈ സ്കൂളിൽ ദിവസവേതനത്തിന് നിയമിച്ച അദ്ധ്യാപകർക്ക് നിയമനം അംഗീകരിച്ച് ശമ്പളം നൽകുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) മാന്നാർ നായർ സമാജം സ്കൂളുകളിലെ ദിവസവേതന അടിസ്ഥാനത്തിലുള്ള നിയമനങ്ങൾ മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ഇപ്പോൾ നിലവിലില്ല. നിയമനങ്ങൾ ലഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം അംഗീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ